(ഡി) സഹകരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഇല്ല.

(ബി) ചില സ്ഥാപനങ്ങളിലെ സാമ്പത്തിക അച്ചടക്കമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2003-2004 സാമ്പത്തികവർഷം വരെ 229 പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കുടിശ്ശികയായിട്ടുണ്ട്.

(സി) പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെ ഓഡിറ്റുകൾ കാലാനുസൃതമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പരിശീലനപരിപാടി വിവിധ സഹകരണ പരീശീലന സ്ഥാപനങ്ങളിൽ സംഘടിപ്പിച്ചു വരുന്നുണ്ട്.

ഹോളിസ്റ്റിക് ചികിത്സ

27(*203) പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആശുപത്രികളിൽ ഹോളിസ്റ്റിക് ചികിത്സ നടത്തുന്നുണ്ടോ;

(ബി) സംസ്ഥാനത്തുള്ള അലോപ്പതി ചികിത്സാ സ്ഥാപനങ്ങളിലൂടെ ആയുർവേദ, സിദ്ധ, ഹോമിയോ തുടങ്ങിയ ചികിത്സകൾ നടത്തുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ആയുർവേദം, സിദ്ധ, യൂനാനി, ഹോമിയോ എന്നീ ചികിത്സകൾകൂടി നടത്തുവാനുള്ള സൗകര്യമുണ്ടാക്കുമോ;

(ഡി) ഇത് പ്രയോജനകരമാണെന്ന് കരുതുന്നുണ്ടോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഇല്ല. എന്നാൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ഹോളിസ്റ്റിക് മെഡിസിൻ യൂണിറ്റ് നിലവിലുണ്ട്.

(ബി - ഡി) ഈ ചികിത്സാ രീതിയുടെ ആവശ്യകത ഉണ്ടന്ന് തോന്നുന്നില്ല. ഇതു സംബന്ധിച്ച് ഒരു "ഹോളിസ്റ്റിക് മെഡിസിൻ ആന്റ് സ്ട്രസ്സ് മാനേജ്മെന്റ്

GPM. 2/498/2014—8

LIBRARY ARCHIVES Kerala Legislative Assembly

റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്" എന്ന സ്ഥാപനം പുതുതായി അടുത്ത വർഷം തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(2.) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിഷൻ 2010 പദ്ധതി

1(1277) ശ്രീ. ടി. എം. ജേക്കബ്:

ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വിഷൻ 2010' പദ്ധതിക്ക് എത്ര കോടി രൂപ ധനകാര്യവകുപ്പ് അനുവദിച്ചു;

(ബി) 'വിഷൻ 2010' ലെ ഓരോ ഇനങ്ങൾക്കും ധനകാര്യവകുപ്പ് അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാന സർക്കാരിന് മറ്റ് ഏതെല്ലാം ഏജൻസികളിൽ നിന്നും 'വിഷൻ 2010'-ന് പണം ലഭിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ, ബി) 'വിഷൻ 2010' പദ്ധതിയുടെ കീഴിൽ വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനായി 40 കോടി രൂപ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് മുഖേന 2005-2006 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

2006-2007 വർഷത്തിൽ 50 കോടി രൂപ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

1. കൃഷി

(രൂപ കോടിയിൽ)

(എ) ഉല്പന്നങ്ങളുടെ സംസ്ക്കരണവും മൂല്യവർദ്ധനവും	8.00
(ബി) അഗ്രോ സർവീസ് സെന്ററുകൾ	1.00
(സി) പുഷ്പകൃഷി	1.00

2. മൃഗസംരക്ഷണം

പ്രത്യേക കന്നുകാലി വികസന പരിപാടി	3.00

LIBRARY ARCHIVES Kerala Legislative Assembly